(ബി, സി) ചൂടി വിൽപ്പനനികുതിയിൽനിന്നും ഒഴിവാക്കണമെന്ന് ഗവൺമെൻറ് കരുതുന്നില്ല.

ലോ കോളേജുകളിലെ പാർട്ട്ടൈം ലക്ചർമാർ

* 455 [479] ശ്രീ. സി. വാസുദേവമേനോൻ:

,, പിണറായി വിജയൻ:

,, പി. ആർ. ശിവൻ:

,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെൻറ് ലാ കോളേജുകളിൽ എത്ര പാർട്ട്ടൈം ലക്ചർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ പട്ടികജാതി–പട്ടിക വർഗ്ഗത്തിൽ പെട്ടവർ ആരെങ്കിലും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര;

(ഡി) ഇല്ലെങ്കിൽ എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) എട്ട്. (8)

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിലവിലുണ്ടായിരുന്ന നിയമം വച്ച് കമ്മിറ്റി തെരഞ്ഞെടുത്തതിൽ പട്ടികജാതി–പട്ടിക വർഗ്ഗക്കാർ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ നിയമം മാറ്റി സംവരണതത്വം പാലിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശമ്പളം കിട്ടുന്നില്ലെന്ന പരാതി

*456 [480] ശ്രീ. പി. പി. എസ്തോസ്:

,, ചടയൻ ഗോവിന്ദൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ലൈബ്രറീസ് അതോറിറ്റിയുടെ കീഴിലുള്ള ജീവനക്കാർക്ക് ശമ്പളം കൃത്യമായിട്ടു കിട്ടുന്നില്ലെന്നുള്ള സ്ഥിതി വിശേഷം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസത്തെ ശമ്പള കുടിശ്ശിക ഉണ്ടെന്നും ആയതു കൊടുക്കാനുള്ള വിഷമമെന്തെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly